പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 943

11.03.2015 -ലെ മറുപടിയ്ക്ക്

## തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ

ചോദ്യം

ശ്രീ.പി.ശ്രീരാമകൃഷ്ണൻ:
ശ്രീ. സി.കെ.സദാശിവൻ :
ശ്രീ. ജെയിംസ് മാത്യു:
ശ്രീ.കെ.ദാസൻ :

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കാനായി നടപ്പാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ് എന്നും ഇതിന്റെ ഫലമായി എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ എന്നും അറിയിക്കുമോ ;

ഉത്തരം

ശ്രീ . ഷിബു ബേബി ജോൺ
(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി 2012-13 വർഷത്തിൽ ഒന്നും, 2013-14 കാലഘട്ടത്തിൽ മൂന്നും 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി അഞ്ചും ഉൾപ്പെടെ ആകെ ഒമ്പത് തൊഴിൽ മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ ലക്ഷ്യമിട്ട്, അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ തൊഴിലിൽ നൈപുണ്യമുള്ളവരാക്കി മാറ്റി സ്വകാര്യമേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പിനുകീഴിൽ നിലവിൽ അഞ്ച് എംപ്ലോയബിലിറ്റി സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. 2012-14 കാലഘട്ടത്തിൽ കോഴിക്കോട്, കണ്ണൂർ, എറണാകുളം എന്നിവിടങ്ങളിൽ സംഘടിപ്പിച്ച 4 തൊഴിൽ മേളകളിൽ നിന്നുമായി 4663 പേർക്കും, 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സംസ്ഥാനവ്യാപകമായി 5 ഘട്ടങ്ങളിലായി സംഘടിപ്പിച്ച "നിയുക്തി-2015" തൊഴിൽമേളയിൽ 17875 പേർക്കും സ്വകാര്യമേഖലയിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്. 3 എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന 2013-14 വർഷം 910 പേർക്കും, 2014 ഒക്ടോബർ മുതൽ 2015 ഫെബ്രുവരി വരെ 1479 പേർക്കുംസ്വകാര്യമേഖലയിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇപ്രകാരം 2012-13, 2013-14, 2014-15 വർഷങ്ങളിലായി ആകെ 24927 പേർക്ക് സ്വകാര്യമേഖലയിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഒരു ലക്ഷം പേർക്ക് തൊഴിലവസരം സൃഷ്ടിക്കാനായുള്ള അഞ്ചൂറ് കോടിയുടെ തൊഴിൽദാന പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ എന്ന് അറിയിക്കുമോ ; | (ബി) ആന്റ് (സി) ബാധകമല്ല. |
| (സി) ഈ പദ്ധതിയുടെ ഫലമായി എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചെന്നും അതിനായി എന്ത് തുക ചെലവഴിച്ചെന്നും അറിയിക്കാമോ? | |

Harikumar

സെക്ഷൻ ഓഫീസർ